LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

97 (403) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016 ജൂൺ 1 മുതൽ 2021 ജൂൺ 30 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ശബരിമലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സാമൂഹിക അകലം പാലിച്ച് ദർശനം നടത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സൗകര്യം. ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ സംഗതികളിലും ആരോഗ്യ വകുപ്പും റവന്യു (ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 6-7-2021-ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) റാന്നി നിയോജകമണ്ഡലത്തിൽ ശബരിമല വികസന പദ്ധതിയുടെ ഭാഗമായി നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ ശബരിമല അനുബന്ധ വികസനത്തോടനുബന്ധിച്ച് നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.